LIBRARY ARCHIVES Kerala Legislative Assembly

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇവിടെയുണ്ടായ ചോദ്യങ്ങളെല്ലാം കൺസ്യൂമർഫെഡിന്റെ വില്പനയെക്കുറിച്ചാണ്. എനിക്ക് ചോദിക്കാനുള്ളത് അവരുടെ വാങ്ങലിനെക്കുറിച്ചാണ്. ധാരാളം പേരിൽ നിന്ന് സാധനങ്ങൾ വാങ്ങിയിട്ട് പണം കൊടുത്തില്ലെങ്കിൽ ആ സ്ഥാപനങ്ങളുടെ ഗതിയെന്താകും ? മാരാരിക്കുളത്തെ കുടുംബശ്രീയിൽ നിന്ന് 5 ലക്ഷം രൂപയുടെ കട വാങ്ങിയിട്ട് ഇപ്പോൾ 4 വർഷമായി. ആ പാവങ്ങൾക്ക് ജീവിച്ചുപോകാനായി ആ തുക കൊടുക്കാൻ ഏർപ്പാടുണ്ടാക്കുമോ ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, ഞാൻ അങ്ങയോട് ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ചെറിയ തുകകൾ പണം കിട്ടുന്ന മുറയ്ക്ക് അടിയന്തരമായി കൊടുത്തുതീർക്കും. കുടുംബശ്രീ മാത്രമല്ല അതുപോലെ ധാരാളം ചെറിയ സംഘങ്ങൾക്ക് പണം കൊടുക്കാത്തതുകൊണ്ട് അവർക്ക് നിലനിൽക്കാൻ സാധിക്കുന്നില്ല. അക്കാര്യം എനിക്ക് നല്ല ബോധ്യമുണ്ട്. അത് കൊടുക്കാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്യും.

## ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം

**4(*183)** ശ്രീ. പി. ടി. എ. റഹീം :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് അടിസ്ഥാന സൗകര്യത്തിന്റെയും മറ്റും അഭാവത്തിൽ സാധിക്കാത്ത പ്രദേശങ്ങളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് പ്രധാനമായും വേണ്ടതെന്താണെന്നും അത് ലഭ്യമാക്കാൻ സാധ്യമാകാത്തത് എന്ത് കാരണത്താലാണെന്നും പരിശോധിച്ചിട്ടുണ്ടോ ;

(സി) ആദിവാസി മേഖലയിൽ വിദ്യാഭ്യാസം നൽകുന്നതിന് ചെലവഴിക്കുന്ന തുക ഫലപ്രദമാകുന്നുണ്ടെന്ന് കരുതുന്നുണ്ടോ ; വിശദമാക്കാമോ ;

(ഡി) ആദിവാസി കുട്ടികൾക്ക് പാഠ്യേതര വിഷയങ്ങളിലും വായനയിൽ കൂടിയും അറിവ് ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എത്രത്തോളം പര്യാപ്തമാണ് ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) : സർ,

(എ) അവലോകനം നടത്തിയിട്ടുണ്ട്. മിക്ക പട്ടികവർഗ്ഗ ഊരുകളും വനാന്തരങ്ങളിൽ സ്ഥിതി ചെയ്യുന്നതിനാൽ ഗതാഗത സൗകര്യം ലഭ്യമാക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഈ പ്രശ്നത്തിന് പരിഹാരമെന്ന നിലയിൽ അദ്ധ്യാപക രക്ഷകർതൃ സംഘടനയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സഹകരണത്തോടെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സങ്കേതങ്ങളിൽനിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനും തിരിച്ച് സങ്കേതങ്ങളിൽ എത്തിക്കുന്നതിനുമായി 'ഗോത്രസാരഥി' പദ്ധതി മുഖേന വാഹന സൗകര്യം ഏർപ്പെടുത്തിവരുന്നുണ്ട്. 2014-15 അദ്ധ്യയനവർഷം 4 കോടി രൂപ ടി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. 2015-16 വർഷവും ടി പദ്ധതിക്കു വേണ്ടി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ആദിവാസി മേഖലയിൽ വിദ്യാഭ്യാസത്തിന് വേണ്ടി വകയിരുത്തുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനായി നടപടി സ്വീകരിക്കുന്നുണ്ട്.

19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വകുപ്പിന് കീഴിൽ പ്രവർത്തിച്ച് വരുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്കാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനം നൽകിവരുന്നത്. താമസം, ബാഗ്, യൂണിഫോം, ചെരുപ്പ്, സൗജന്യഭക്ഷണം എന്നിവ നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനും സ്കൂളിൽനിന്നും കൊഴിഞ്ഞുപോക്ക് തടയുന്നതിനും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വളരെയധികം സഹായകമാണ്. കൂടാതെ വിവിധ ജില്ലകളിലായി 10 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ കൂടി തുടങ്ങുന്നതിന് കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, കണക്ക്, വ്യക്തിത്വ വികസനം എന്നിവയിൽ പ്രീ-ട്രെയിനിംഗ് കൊടുത്ത് ടി വിഷയങ്ങളിൽ കുട്ടികളെ കഴിവുള്ളവരാക്കാൻ ഉദ്ദേശിച്ച് ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കൗൺസിലിംഗ്, കരിയർ ഗൈഡൻസ്, ട്യൂഷൻ ക്ലാസ് എന്നിവ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ മേഖലകളിൽ അവബോധം വളർത്തുന്നതിനും, ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു :

1. സ്വന്തമായി കെട്ടിടമുള്ള എല്ലാ സ്കൂളുകളിലും ഹോസ്റ്റലുകളിലും വായനശീലം വളർത്തുന്നതിന് ഈ സർക്കാർ ലൈബ്രറി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

2. സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതി.

3. സർഗ്ഗോത്സവം.

4. സഹവാസ ക്യാമ്പ്

5. നാഷണൽ സർവ്വീസ് സ്കീം തുടങ്ങിയ പദ്ധതികൾ ആദിവാസി കുട്ടികൾക്ക് പാഠ്യേതര വിഷയങ്ങളിൽ അറിവ് ലഭിക്കുന്നതിന് ഉതകുന്നതാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u> : സർ, ആദിവാസി കുട്ടികൾക്ക് പാഠ്യേതര വിഷയങ്ങളിൽ നൈപുണ്യം നൽകുന്നതിന് 5 പദ്ധതികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം നേടുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ? 'ഗോത്ര ജ്യോതി' എന്നൊരു പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u> : സർ, 2013-14 സാമ്പത്തിക വർഷം പി.എസ്.സി. പോലുള്ള പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനുവേണ്ടി പ്രത്യേക ട്രെയിനിംഗുകൾ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്. അതുകൂടാതെ തൊഴിൽരഹിതരായ പട്ടികവർഗ്ഗ വനിതകൾക്കു വേണ്ടി 500-ഓളം ഓട്ടോറിക്ഷകൾ ഗവൺമെന്റ് വാങ്ങി നൽകിയിട്ടുണ്ട്. എൻ.ടി.ടി.എഫ്. പദ്ധതി പ്രകാരം പ്രത്യേകിച്ചും പത്താം ക്ലാസും പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്ക് തുടർപഠനത്തിലൂടെ തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിച്ച് തൊഴിലുള്ളവരാക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)



LIBRARY ARCHIVES Kerala Legislative Assembly